LIBRARY ARCHIVES Kerala Legislative Assembly

നിയമ സാക്ഷരത

97 [1507] ശ്രീ. യു. സി. രാമൻ:

,, പി. കെ. അബ്ദുറബ്ബ്:

,, പി. കെ. കെ. ബാവ:

,, കെ. എൻ. എ. ഖാദർ:

,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമ സാക്ഷരത നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികൾക്ക് നിയമാവബോധം നൽകാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് നിയമ സാക്ഷരത നൽകാൻ ലക്ഷ്യമിട്ടുകൊണ്ട് കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹായത്തോടെ സ്കൂളുകളിൽ 9-ാം ക്ലാസ്സിൽ നിയമപാഠം എന്ന പുസ്തകം പഠിപ്പിച്ചുവരുന്നുണ്ട്.

രണ്ടാംവർഷ പ്ലസ്ടു ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തക വിതരണം

98 [1508] ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. കെ. വി. കുഞ്ഞിരാമൻ:

,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാംവർഷ പ്ലസ്ടു ക്ലാസുകളിലേയ്ക്കുള്ള പാഠപുസ്തക വിതരണം എത്രത്തോളമായിട്ടുണ്ട്; ഇനിയും വിതരണം നടത്താനുള്ള പാഠപുസ്തകങ്ങൾ ഏവ;

(ബി) ഇവയുടെ അച്ചടി ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; എന്നാണ് ഓർഡർ നൽകിയത്;